LIBRARY ARCHIVES Kerala Legislative Assembly

**അർബൻ സ്ലം ഹെൽത്ത് അപ്‌ലിഫ്റ്റ്മെന്റ് സ്കീം**

**11 (8071)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15-ലെ ബജറ്റ് പ്രസംഗത്തിൽ 230-ാം നമ്പർ ഇനമായ അർബർ സ്ലം ഹെൽത്ത്-അപ് ലിഫ്റ്റ് മെന്റ് സ്കീം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) നഗരപ്രദേശങ്ങളിലെ ഓരോ സ്ലം മേഖലയും കേന്ദ്രീകരിച്ച് സ്ഥിരം ഡോക്ടറുടെ സേവനം ഉൾപ്പെടെയുള്ള ക്ലിനിക് ആരംഭിക്കുന്നതിന് ഈ പദ്ധതിയിൽ നടപടി ഉണ്ടാകുമോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) കാരുണ്യകേരളം പദ്ധതിയുടെ ഭാഗമായി നഗരപ്രദേശങ്ങളിൽ ചേരികളിൽ താമസിക്കുന്നവർക്കായി ആരോഗ്യ ബോധവൽക്കരണം, രോഗപരിശോധന, ചികിത്സ എന്നിവ ലഭ്യമാകുന്നതിനുള്ള പദ്ധതിയാണ് അർബൻ സ്ലം ഹെൽത്ത്-അപ് ലിഫ്റ്റ്മെന്റ് സ്കീം.

(ബി) ഈ പദ്ധതിയുടെ ഉദ്ഘാടനം ആഗസ്റ്റ്മാസം അവസാനവാര ത്തോടുകൂടി നടത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ക്ലിനിക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**'ഏജ്' പദ്ധതിപ്രകാരം ജെറിയാട്രിക് ക്ലിനിക്കുകൾ**

**12 (8072)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 'ഏജ് ' (അസിസ്റ്റന്റ്സ് ഫോർ ജെറിയാട്രിക് എമർജൻസീസ്) എന്ന പദ്ധതിയിൻകീഴിൽ ജില്ലാ ആശുപത്രികളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ച പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ജെറിയാട്രിക് വാർഡിൽ അന്തേവാസികൾ മരിക്കുവാനിടയായ സാഹചര്യം മുൻനിർത്തി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പ്രഖ്യാപിത ക്ലിനിക്കുകളിൽ ഏതെങ്കിലും ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏജ് (അസിസ്റ്റന്റ്സ് ഫോർ ജെറിയാട്രിക് എമർജൻസീസ്) എന്ന പദ്ധതി ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരുന്നുവെങ്കിലും അതിനായി പ്രത്യേക ഫണ്ട് നീക്കിയിരുപ്പ് നടത്തിയിട്ടില്ലായിരുന്നു. ആരോഗ്യവകുപ്പിന്റെ 'എൽഡേർലി കെയർ' പദ്ധതിവഴി ഇതിനോടകം മിക്ക ജില്ലകളിലെയും പ്രധാന സർക്കാർ ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകളും ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. പുതിയ പദ്ധതിയായ 'ഏജ്' നടപ്പിലാക്കുന്നതിലേക്കായി നിലവിലെ പദ്ധതികളുടെ പോരായ്മകൾ മനസ്സിലാക്കുന്നതിനും ഇത് നിലവിലില്ലാത്ത ജില്ലാശുപത്രികളിൽ സജ്ജീകരിക്കേണ്ട സംവിധാനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിനും ഗ്യാപ് അനാലിസിസ് നടത്തുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) എല്ലാ ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും വൃദ്ധജനക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ജെറിയാട്രിക് ക്ലിനിക്കുകൾ, ജെറിയാട്രിക് വാർഡുകൾ, എൽഡർലി ഫ്രണ്ട് ലി ടോയ്ലെറ്റുകൾ എന്നിവ ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.എച്ച്.സി.ഇ. (നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡർലി) പ്രകാരം പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിലെ ജില്ലാശുപത്രികളിൽ വിപുലമായ സൗകര്യങ്ങളോടുകൂടിയ ജെറിയാട്രിക് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതി നിലവിലുള്ള മറ്റ് ജില്ലകളായ ഇടുക്കിയിലും കോഴിക്കോടും ഫിസിയോതെറാപ്പി സൗകര്യം ഉൾപ്പെടുന്ന ക്ലിനിക്കുകൾ പ്രവർത്തന സജ്ജമാണ്.

**ആർ.സി.സി.യിലെ വികസന പ്രവർത്തനങ്ങൾ**

**13 (8073)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ വികസനത്തിനും നടത്തിപ്പിനുമായി ഈ സർക്കാർ 2013-14 വർഷത്തിൽ എത്ര തുകയാണ് നീക്കി വച്ചിരുന്നത് ; അതിൽ എത്ര ചെലവഴിച്ചു ; അതുപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി ; വിശദാംശം ലഭ്യമാക്കാമോ ?